(ഡി) ഇത്രയും തുക ചെലവഴിച്ചതിനുശേഷം കുളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നറിയിക്കുമോ;

(ഇ) ഇവിടെ ശരാശരി എത്രപേർക്ക് പരിശീലനം നൽകുവാൻ ഇപ്പോൾ സാധിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(എഫ്)കുളം പണി പൂർത്തിയായാൽ എത്രപേർക്ക് പരിശീലനം നൽകാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അതെ.

(സി) 1997-98 വർഷത്തിൽ 10,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 1998-99 വർഷത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഡി) 1999-2000 വർഷത്തിൽ 3 ലക്ഷം രൂപ (മൂന്നു ലക്ഷം രൂപ) കൂടി ചെലവാക്കാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കുളത്തിൽനിന്നും വെള്ളം വറ്റിച്ച് ചെളി നീക്കം ചെയ്തുകഴിഞ്ഞു.

(ഇ) കുളത്തിന്റെ പണി പൂർത്തിയായിട്ടില്ലാത്തതിനാൽ പരിശീലനം നടത്തുന്നില്ല.

(എഫ്)പണി പൂർത്തിയായാൽ ഉദ്ദേശം 50 പേർക്ക് ഒരു വർഷത്തിൽ പരിശീലനം നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

114 (2270) കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുമ്പോൾ വസ്തുവിന് നികുതി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് നൽകുന്നതോടൊപ്പം വസ്തുവിന് ഏതെങ്കിലും പ്രകാരത്തിലുള്ള നികുതി ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത നികുതി നിശ്ചയിക്കുന്നതിൽ അപാകതകൾ ഉണ്ടെന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ)&(ബി) 1989-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതിനോടൊപ്പം ഭൂവികസനത്തിന് ഡെവലപ്പ്മെന്റ് ചാർജ്ജ് ഈടാക്കുന്നതാണ്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഭൂവികസന നികുതി ഈടാക്കുന്നതിലുള്ള അപാകത പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

115 (2271) അയിരൂർ ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ അയിരൂർ പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി നടപ്പിലാക്കുന്നതിന് എന്തുതുക സർക്കാരിൽ നിന്നും അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ നാളിതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇതിൽ ഓരോ മേഖലയ്ക്കും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് അറിയിക്കുമോ;

(ഡി) അനുവദിച്ചിട്ടുള്ള തുക മുഴുവനും ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുവദിച്ച തുക : 43,13,000/-

ലഭിച്ച തുക : 32,46,515/-

(ബി) 8,85,379 രൂപ.

(സി) ഉൽപ്പാദന മേഖലയ്ക്ക് 11,82,374/- രൂപ ലഭിച്ചതിൽ 5,67,600 രൂപ ചെലവഴിച്ചു. സേവന മേഖലയ്ക്ക് ലഭിച്ച 15,76,326 രൂപയിൽ 2,05,000 രൂപ ചെലവഴിച്ചു. പശ്ചാത്തല മേഖലയിൽ ലഭിച്ച 11,82,300 രൂപയിൽ 100,000 രൂപ ചെലവഴിച്ചു.

(ഡി) ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

116 (2272) ഗ്രാമപഞ്ചായത്തിലെ പണാപഹരണം

ശ്രീ. ടി.എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ഗ്രാമപ്പഞ്ചായത്തിൽ നടന്ന പണാപഹരണത്തെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തണമെന്ന് പഞ്ചായത്ത് വകുപ്പ് ശുപാർശ ചെയ്തത് എന്നാണ്;

(ബി) ഏത് വർഷങ്ങളിൽ നടന്ന പണാപഹരണത്തെ സംബന്ധിച്ചാണ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തിയത്;

(സി) ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണത്തെ തുടർന്ന് വിജിലൻസ് വകുപ്പിനോട് ഏതെല്ലാം കാര്യങ്ങൾ അന്വേഷിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(ഡി) കുറ്റാരോപണത്തിന് വിധേയരായ ഏതെല്ലാം ഉദ്യോഗസ്ഥന്മാരെയാണ് സർവീസിൽനിന്നും സസ്പെന്റ് ചെയ്തത്;

LIBRARY ARCHIVES Kerala Legislative Assembly